Sunday
Vol. 14 No. 11
CYCLE - C

# വെർബും ദോമിനി
# VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ഫെബ്രുവരി 02

## കർത്താവിന്റെ സമർപ്പണത്തിരുനാൾ

# എതിർക്കപ്പെടുന്ന അടയാളം

ഡോ. മാർട്ടിൻ N ആന്റണി O de M



“**മോ**ശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലെമിലേക്കു കൊണ്ടുപോയി”(ലൂക്കാ 2 : 22). മറിയവും ജോസഫും, ചെറുപ്പക്കാരായ ദമ്പതികൾ. എല്ലാ സംഘർഷവും അതിജീവിച്ച് അവരുടെ ആദ്യത്തെ കുഞ്ഞുമായി, ദരിദ്രരുടെ കാഴ്ചവസ്തുക്കളായ രണ്ടു ചെങ്ങാലി പ്രാവുകളുമായി, ദേവാലയത്തിന്റെ കൽപ്പടവുകൾ കയറുന്നു. അമ്മയുടെ കരങ്ങളിൽ ആ കുഞ്ഞ് ശാന്തമായി കിടന്നുറങ്ങുന്നു. അവിടത്തെ ശബ്ദകോലാഹലങ്ങൾ ഒന്നുംതന്നെ അവൻ അറിയുന്നില്ല. ദേവാലയത്തിന്റെ വാതിൽപ്പടിയിൽ വൃദ്ധരായ ശിമയോനും അന്നയും അവനെ കാത്തിരിക്കുന്നു. അതെ, ഏറ്റവും മൂല്യമുള്ളതിനെ അന്വേഷിക്കരുത്, കാത്തിരിക്കണം. അത് നമ്മെ തേടിവരും. കാരണം, കാത്തിരിപ്പിൽ ഒരു പാകപ്പെടലുണ്ട്. അതൊരു തപസ്സാണ്, രൂപീകരണമാണ്. അതൊരിക്കലും പകൽക്കിനാവുകളിൽ അവസാനിക്കില്ല, മറിച്ച് സ്വർഗ്ഗം അവരിലേക്ക് നേരിട്ട് ഇറങ്ങി വരും.

പുരോഹിതന്മാരല്ല ദേവാലയത്തിൽ ശിശുവായ യേശുവിനെ സ്വീകരിക്കുന്നത്, ഔദ്യോഗിക പദവികളൊന്നുമില്ലാത്ത രണ്ട് സാധാരണക്കാരാണ്. വാർദ്ധക്യത്താൽ അന്ധരാണെങ്കിലും തീക്ഷ്ണതയിൽ ജ്വലിക്കുന്ന ദൈവസ്നേഹികളാണവർ. കാരണം യേശു ഒരു സ്ഥാപനത്തിന്റേയോ, മതത്തിന്റേയോ സ്വന്തമല്ല, മറിച്ച് മനുഷ്യവർഗത്തിന്റേതാണ്, എല്ലാവരുടേതുമാണ്. ശിമയോനെപ്പോലെ സ്വപ്നം കാണുന്നവർക്കും, അന്നയെപ്പോലെ തപസ്സനുഷ്ഠിക്കുന്നവർക്കും അവകാശപ്പെട്ടതാണവൻ. ഒരു നവജാത ശിശുവിനെ കണ്ടാണ് അവർ സ്വർഗ്ഗത്തിന്റെ ഇടപെടലിനെ തിരിച്ചറിയുന്നത്. അവരെ സംബന്ധിച്ച് ദൈവം ഒരു ഭൂതകാല അനുഭവം മാത്രമല്ല, മോഹനമായ ഭാവിയും കൂടിയാണ്.

ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തോടു ചില കാര്യങ്ങൾ പറയുന്നുണ്ട്. നൂറ്റാണ്ടുകൾ കടന്ന് നാം ഓരോരുത്തരിലും എത്തുന്ന മൂന്നു സത്യങ്ങളാണവ. (1) ഇതാ, വീഴ്ചയുടെയും ഉയർച്ചയുടെയും അടയാളമായി ഒരു കുഞ്ഞ്. (2) അവൻ വൈരുദ്ധ്യത്തിന്റെ അടയാളമായിരിക്കും. (3) അവൻ പലരുടെയും ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തും. “വീഴ്ച” (πτῶσις ptósis) എന്നതാണ് ആദ്യത്തെ വാക്ക്. മധുരനൊമ്പരമുള്ളൊരു യാഥാർത്ഥ്യം ഈ പദത്തിൽ അടങ്ങിയിരിക്കുന്നു. മനുഷ്യനല്ല, അവന്റെ നിഴലുകൾ, അപര്യാപ്തമായ അവന്റെ ആഗ്രഹങ്ങൾ, മരണത്തിനോട് കൂട്ടുപിടിക്കുന്ന അവന്റെ ചിന്തകൾ, ചില മുഖംമൂടികൾ, നുണകൾ, മിഥ്യാധാരണ നിറഞ്ഞ ജീവിത രീതികൾ എല്ലാം വീഴണം. യേശുവിനെ കണ്ടുമുട്ടിയ എല്ലാവരിലും അങ്ങനെയൊരു വീഴ്ച സംഭവിച്ചിട്ടുണ്ട്. അതിൽ സാവൂളിന്റെയും അഗസ്റ്റിന്റെയും നമ്മുടെയുമെല്ലാം വീഴ്ചകളുണ്ടെന്നത് ചരിത്രമാണ്.

“ഉയർച്ച” (ἀνάστασις anastasis) എന്നതാണ് നാം ധ്യാനിക്കേണ്ട രണ്ടാമത്തെ പദം. യേശുവിനെ സംബന്ധിച്ചിടത്തോളം ആരും നഷ്ടപ്പെടുന്നില്ല, ഉപേക്ഷിക്കപ്പെടുന്നില്ല, എന്നെന്നേക്കുമായി ഇല്ലാതാകുന്നുമില്ല. ഏതു മാരകമായ പാപത്തിലൂടെ കടന്നുപോയാലും വീണ്ടും ആരംഭിക്കാനും, പുതിയവനാകാനും കഴിയും. നമ്മെ കൈപിടിച്ചുയർത്തുന്ന കരങ്ങളാണ് അവനുള്ളത്. ഓരോ പ്രഭാതത്തിലും ജായ്റോസിന്റെ മകളോടെന്നതുപോലെ നമ്മോടും അവൻ ആവർത്തിക്കും: താലീത്താകും, ബാലികേ, എഴുന്നേൽക്കൂ! യുവജീവിതമേ, എഴുന്നേൽക്കൂ, തിളങ്ങൂ, വീണ്ടും ജീവിതപാതയിലേക്ക് ഇറങ്ങൂ, പോരാട്ടത്തിലേർപ്പെടൂ.

വൈരുദ്ധ്യത്തിന്റെ അടയാളം (σημεῖον ἀντιλεγόμενον sémeion antilegómenon) എന്നതാണ് മൂന്നാമത്തെ വാചകം. എതിർ വാചകത്തിന്റെ, എതിർ ചിന്തയുടെ അടയാളമെന്നു വേണമെങ്കിൽ ഈ ഗ്രീക്ക് വാചകത്തെ പരിഭാഷപ്പെടുത്താം. ലോകത്തിന്റെ വഴികളെ തന്റെ വഴികളാലും, ലോകത്തിന്റെ ചിന്തകളെ തന്റെ ചിന്തകളാലും എതിർക്കുന്ന ഒരു ദൈവപുത്രൻ. പഴയ നിയമത്തിന് ആന്തരികമായ സൗന്ദര്യം പകർന്നു നൽകിയ ഒരു ഗുരുനാഥൻ. ദൈവത്തെക്കുറിച്ചുള്ള എല്ലാ വ്യാജ പ്രതിച്ഛായയും ഈ കുഞ്ഞ് എടുത്തുമാറ്റും. സ്നേഹത്തിന് വിരുദ്ധമായ എല്ലാറ്റിനെയും എതിർക്കുന്നവനാണവൻ. ആ കുഞ്ഞിനെ സ്വീകരിക്കുന്നവർക്ക് വെറുപ്പിന്റെ പക്ഷം ചേരാൻ ഒരിക്കലും സാധിക്കില്ല. കാരണം, യേശു മാത്രമാണ് തിന്മയുടെ ഏക എതിർ അടയാളം.

അവസാനമായി, ഇതാ, ശിശുവായ യേശുവിനെ അവന്റെ മാതാപിതാക്കൾ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്നു. കാരണം, അവൻ ജോസഫിന്റെയും മറിയത്തിന്റെയും മകൻ മാത്രമല്ല: “കുട്ടികൾ നമ്മുടേതല്ല” (ഖലീൽ ജിബ്രാൻ), അവർ ദൈവത്തിന്റേതാണ്, ലോകത്തിന്റേതാണ്, ഭാവിയുടേതാണ്. അവരുടെ വിളികളും, സ്വപ്നങ്ങളും ഒരു “ജൈവ” പ്രവചനത്തിന്റെ പുതുമയാണ്. ശിമയോനെയും അന്നയെയും പോലെ, കുറഞ്ഞപക്ഷം ആ വിസ്മയത്തെയെങ്കിലും രക്ഷിക്കേണ്ടത് നമ്മളാണ്.

**ആമുഖം** പ്രിയമുള്ളവരെ, തിരുസഭ ഇന്ന് കർത്താവിന്റെ സമർപ്പണത്തിരുനാൾ ആഘോഷിക്കുകയാണ്. മോശയുടെ നിയമമനുസരിച്ച് ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ യേശുവിന്റെ മാതാപിതാക്കൾ ശിശുവിനെയും കൊണ്ട് ദേവാലയത്തിലേയ്ക്ക് പോയി. ദൈവത്തിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ലെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ ശിമയോനും അവിടെയുണ്ടായിരുന്നു. സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയ രക്ഷ ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടു എന്നാണ് അദ്ദേഹം വിളിച്ചു പറഞ്ഞത്. പരിശുദ്ധാത്മാവ് നമ്മിൽ വന്നു നിറഞ്ഞാൽ നമുക്ക് അടങ്ങിയിരിക്കാൻ പറ്റില്ല. നാം കണ്ടതും, കേട്ടതും, അനുഭവിച്ചറിഞ്ഞതുമെല്ലാം മറ്റുള്ളവരോട് പങ്കുവയ്ക്കും. ഈ ഒരു മാതൃകയാണ് പരി. അമ്മയും, ശിമയോനും നമുക്ക് നൽകുന്നത്. പരിശുദ്ധാത്മാവിനാൽ പൂരിതയായ അമ്മ, നിന്റെ ഹൃദയത്തിൽ ഒരു വാൾ തുളച്ചു കയറുമെന്ന് കേട്ടപ്പോഴും നിശ്ശബ്ദതയോടെ അത് ഹൃദയത്തിൽ സ്വീകരിച്ചു. അതിനാൽ നമ്മെ ഓരോരുത്തരെയും പരമ പിതാവിന് സമർപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാം. അപ്പോൾ ഏത് സഹനവും ദൈവഹിതമാണെന്ന് തിരിച്ചറിയാനും, അത് ക്ഷമയോടെ സഹിക്കുവാനും സാധിക്കും. ഈ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ടും, എല്ലാ സമർപ്പിതരെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ടും ഈ ബലി നമുക്ക് ആരംഭിക്കാം.

## ഒന്നാം വായന

### മലാക്കി പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (3 : 1-4)

*(നിങ്ങൾ അന്വേഷിക്കുന്ന കർത്താവ് ഉടനെ തന്റെ ആലയത്തിലേക്കു വരും)*

കർത്താവായ ദൈവം അരുളിച്ചെയ്യുന്നു: ഇതാ, എനിക്കുമുൻപേ വഴിയൊരുക്കാൻ ഞാൻ എൻെറ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ തേടുന്ന കർത്താവ് ഉടൻതന്നെ തൻെറ ആലയത്തിലേക്കു വരും. നിനക്കു പ്രിയങ്കരനായ, ഉടമ്പടിയുടെ ദൂതൻ ഇതാ വരുന്നു - സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. എന്നാൽ, അവിടുത്തെ വരവിൻെറ ദിനത്തെ അതിജീവിക്കാൻ ആർക്കു കഴിയും? അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ അവിടുത്തെ മുൻപിൽ നിൽക്കാൻ ആർക്കു കഴിയും? ഉലയിലെ അഗ്നിപോലെയും അലക്കുകാരൻെറ കാരംപോലെയുമാണ് അവിടുന്ന്. വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നവനെപ്പോലെ അവിടുന്ന് ഉപവിഷ്ടനാകും. ലേവിപുത്രൻമാർ യുക്തമായ ബലികൾ കർത്താവിന് അർപ്പിക്കുന്നതിനുവേണ്ടി അവിടുന്ന് അവരെ സ്വർണവും വെള്ളിയും എന്നപോലെ ശുദ്ധീകരിക്കും. അപ്പോൾ യൂദായുടെയും ജറുസലെമിൻെറയും ബലി പഴയകാലത്തെന്നപോലെ കർത്താവിന് പ്രീതികരമാകും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (24: 7, 8, 9, 10)

### ആരാണ് ഈ മഹത്വത്തിന്റെ രാജാവ്? പ്രബലനായ കർത്താവുതന്നെ.

കവാടങ്ങളേ, ശിരസ്സുയർത്തുവിൻ; പുരാതന കവാടങ്ങളേ, ഉയർന്നു നിൽക്കുവിൻ, മഹത്വത്തിൻെറ രാജാവ് പ്രവേശിക്കട്ടെ!

**ആരാണ് ഈ ......**

ആരാണ് ഈ മഹത്വത്തിൻെറ രാജാവ്? പ്രബലനും ശക്തനുമായ കർത്താവ്, യുദ്ധവീരനായ കർത്താവു തന്നെ.

**ആരാണ് ഈ ......**

കവാടങ്ങളേ, ശിരസ്സുയർത്തുവിൻ; പുരാതന കവാടങ്ങളേ, ഉയർന്നു നിൽക്കുവിൻ, മഹത്വത്തിൻെറ രാജാവു പ്രവേശിക്കട്ടെ!

**ആരാണ് ഈ ......**

ആരാണ് ഈ മഹത്വത്തിൻെറ രാജാവ്? സൈന്യങ്ങളുടെ കർത്താവു തന്നെ; അവിടുന്നാണു മഹത്വത്തിൻെറ രാജാവ്.

**ആരാണ് ഈ ......**

## രണ്ടാം വായന

### ഹെബ്രായർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (2 : 14-18)

*(സകലത്തിലും അവൻ തന്റെ സഹോദരരോടു സദൃശനാകേണ്ടിയിരുന്നു)*

മക്കൾ ഒരേ മാംസത്തിലും രക്തത്തിലും ഭാഗഭാക്കുകളാവുന്നതുപോലെ അവനും അവയിൽ ഭാഗഭാക്കായി. അത് മരണത്തിൻമേൽ അധികാരമുള്ള പിശാചിനെ തൻെറ മരണത്താൽ നശിപ്പിച്ച് മരണ ഭയത്തോടെ ജീവിതകാലം മുഴുവൻ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുന്നതിനുവേണ്ടിയാണ്. എന്തെന്നാൽ, അവൻ സ്വന്തമായി എടുത്തത് ദൈവദൂതൻമാരെയല്ല, അബ്രാഹത്തിൻെറ സന്തതിയെയാണ്. ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരംചെയ്യുന്നതിനുവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാനപുരോഹിതനാകാൻ അവൻ എല്ലാ കാര്യങ്ങളിലും തൻെറ സഹോദരരോടു സദൃശനാകേണ്ടിയിരുന്നു. അവൻ പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കുമല്ലോ.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** V (Lk. 2 : 32) അത് വിജാതീയർക്കു വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ് - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (2 : 22-32)

*(എന്റെ കണ്ണുകൾകൊണ്ടുതന്നെ ഞാൻ രക്ഷയെ കണ്ടുകഴിഞ്ഞു)*

മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലെമിലേക്കു കൊണ്ടുപോയി. കടിഞ്ഞൂൽപുത്രൻമാരൊക്കെയും കർത്താവിൻെറ പരിശുദ്ധൻ എന്നുവിളിക്കപ്പെടണം എന്നും, ഒരു ജോടി ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലി അർപ്പിക്കണം എന്നും കർത്താവിൻെറ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ അങ്ങനെചെയ്തത്.
ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിൻെറ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവൻെറ മേൽ ഉണ്ടായിരുന്നു. കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ അവൻ ദേവാലയത്തിലേക്കു വന്നു. നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കൻമാർ ദേവാലയത്തിൽ കൊണ്ടുചെന്നു. ശിമയോൻ ശിശുവിനെ കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തെന്നാൽ, സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതീയർക്കു വെളിപാടിൻെറ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിൻെറ മഹിമയും ആണ്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, സർവ്വത്തിന്റെയും അധിപനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കാം.

1. സർവ്വനിയന്താവായ ദൈവമേ, തിരുസഭയെ നയിക്കാൻ അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും അനുഗ്രഹിക്കണമെ. ദൈവജനത്തെ പ്രത്യാശ നിറഞ്ഞ തീർത്ഥാടക സമൂഹമായി ക്രിസ്തുവിലേയ്ക്ക് നയിക്കാൻ വേണ്ട കൃപാവരങ്ങൾ ഇവരുടെമേൽ ചൊരിയണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, ക്രിസ്തുവിന്റെ സമർപ്പണത്തിരുനാൾ ആചരിക്കുന്ന ഇന്നേ ദിനം, ഉള്ളും ഉള്ളതും ക്രിസ്തുവിനായി സമർപ്പിച്ച എല്ലാ സമർപ്പിതരെയും അങ്ങെ കരങ്ങളിൽ സമർപ്പിക്കുന്നു. ഇവരുടെ സമർപ്പണ വഴികളെ ആത്മധൈര്യത്താലും, ജീവിത വിശുദ്ധിയാലും ശക്തിപ്പെടുത്തുവാൻ അങ്ങെ പരിരുദ്ധാത്മാവിന്റെ അഭിഷേകം നിരന്തരം ഇവരുടെമേൽ ഉണ്ടാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുവാൻ അങ്ങ് ഒന്നിപ്പിച്ച എല്ലാ ദമ്പതിമാരെയും അങ്ങെ കൃപാവരങ്ങളാൽ നിറയ്ക്കണമെ. അങ്ങയുടെ ദാനമാണ് മക്കൾ എന്ന് തിരിച്ചറിഞ്ഞ് ക്രിസ്തീയ ബോധ്യത്തിൽ അവരെ വളർത്തുവാനും, മക്കളുടെ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്ന ഉത്തമ ക്രിസ്തു ശിഷ്യരായി തീരുവാനും ഓരോ മാതാപിതാക്കളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ക്രിസ്തുവാകുന്ന തണലിലേയ്ക്ക് ഞങ്ങളുടെ യുവതലമുറയെ നയിക്കുന്ന നല്ല ദൈവമേ, നന്മതിന്മകളോരോന്നും വിവേചിച്ചറിഞ്ഞ് സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടായി തീരുവാൻ ഞങ്ങളുടെ യുവജനങ്ങളെ അനുഗ്രഹിക്കണമെന്നും, ആധുനികത വച്ചുനീട്ടുന്ന പ്രലോഭനങ്ങളെ ആത്മവിശുദ്ധിയാൽ അതിജീവിക്കുവാൻ സഹായിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെയും, മരണത്തിന്റെയും അതിനാഥനായ ദൈവമേ, അങ്ങെ തിരുമുഖ ദർശനത്തിനായി വിളിക്കപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, ഏറെ പ്രത്യേകമായി ശുദ്ധീകരണസ്ഥലത്തായിരിക്കുന്ന ആത്മാക്കളുടെയും, പ്രർത്ഥിക്കുവാൻ അരുമില്ലാത്തവരുടെയും മേൽ കരുണ തോന്നി, അങ്ങെ സ്വർഗ്ഗീയ ഭവനത്തിൽ അവർക്കും പ്രവേശനം കൽപ്പിച്ചനുവദിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സ്നേഹപിതാവേ, ഞങ്ങൾക്കുള്ളതെല്ലാം അങ്ങെ ദാനമാണെന്ന ബോധ്യത്തിൽ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങെ പ്രിയമക്കൾ സമർപ്പിച്ച ഈ പ്രാർത്ഥനകൾ ദയാപൂർവ്വം സ്വീകരിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. അന്നു SFN

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

മണി മുഴങ്ങുന്നു തിരി തെളിയുന്നു
ദിവ്യപൂജയണയ്ക്കുവാൻ ഒന്നുചേർന്നിടാം
മനസ്സു മുഴുവനുമീ സന്നിധേ നൽകാം
പൂർണ്ണമായി പങ്കുചേരാം ഈ ബലിയിൽ

വന്നിടൂ ജനമേ... വന്നിടൂ വേഗം...
ദിവ്യപൂജയണയ്ക്കുവാൻ വന്നിടൂ ജനമേ... (2)

ദൈവം നൽകിയതാം നന്മകളോർക്കാം
നന്ദിയോടീ സന്നിധിയിൽ നിന്നു പ്രാർത്ഥിക്കാം (2)
ചെയ്ത പിഴവുകളോർത്തോർത്തു ഹൃദയത്തിൽ
മാപ്പിരന്നു ബലിയർപ്പിച്ചിടാനൊരുങ്ങാം (2)
(വന്നിടൂ.....)

## കാഴ്ചവയ്പ് ഗാനം

അപ്പവും വീഞ്ഞുമീ അൽത്താരയിൽ നൽകാൻ
കർത്താവേ ഞങ്ങളിതാ വരുന്നു
ആനന്ദത്തോടിവ സ്വീകരിച്ചൻപോടെ
ആശീർവ്വദിക്കൂ തമ്പുരാനേ (അപ്പവും........)

ആശിർവ്വദിച്ചങ്ങീ കാഴ്ച്ചദ്രവ്യങ്ങൾ
അലിവോടെ ഞങ്ങൾക്കു നൽകിടുമ്പോൾ (2)
അതു ദിവ്യകാരുണ്യമാണെന്ന വിശ്വാസം
ഞങ്ങൾക്ക് നൽകണേ തമ്പുരാനെ (2)
(അപ്പവും........)

അൽത്താരയിൽ ഞങ്ങൾ അർപ്പിക്കും കാഴ്ച്ചയിൽ
ജീവിതം പൂർണ്ണമായ് ചേർത്തിടുന്നു (2)
അപരാധം ചെയ്തൊരീ ദാസരെ അലിവോടെ
ആശീർവ്വദിക്കണേ തമ്പുരാനെ (2) (അപ്പവും........)

## ദിവ്യകാരുണ്യ ഗാനം

സ്നേഹമേ ദിവ്യകാരുണ്യമേ
സ്നേഹമായ് നീ വരൂ എന്നിൽ വാഴാൻ വരൂ
എന്റെ ആത്മാവിൽ ജീവൻ തരാൻ
അനുതാപിയാം എൻ ജീവിതം
ഇനി നിന്റെ മാത്രം ഈശോയേ (സ്നേഹമേ........)
സ്നേഹമേ... ദിവ്യകാരുണ്യമേ...

സ്വർഗ്ഗ വാതായനം തുറന്നീ ഭൂമിയിൽ
രക്ഷയേകീടുവാൻ വന്നു നീ ശൂന്യനായ് (2)
സ്നേഹ കൂദാശയിൽ വാഴും എൻ ദൈവമേ
നിത്യജീവൻ നൽകും സത്യമാം സ്നേഹമേ
നിനക്കേകിടാം സ്തുതി ഗീതകങ്ങൾ
സ്നേഹമേ... ദിവ്യകാരുണ്യമേ...

മനസ്സിൻ ഭാരവും കരളിൻ തേങ്ങലും
മിഴിനീർ പൂക്കളും കാഴ്ച്ചയായ് നൽകിടാം (2)
ദിവ്യസക്രാരിയിൽ വാഴും എൻ യേശുവേ
നവ്യസ്നേഹത്തിൻ ഭോജ്യം നീയല്ലയോ
നിനക്കേകിടാം സ്തുതി ഗീതകങ്ങൾ
(സ്നേഹമേ........)

| Feb | വിശുദ്ധർ | വായനകൾ |
|---|---|---|
| 03 Mon | St. Blaise | Hebr 11: 32-40/ Ps 31: 20. 21. 22. 23. 24/ Mk 5: 1-20 |
| 04 Tue | St. John Britto | Hebr 12: 1-4/ Ps 22: 26b-27. 28. 30ab. 30c-32/ Mk 5: 21-43 |
| 05 Wed | St. Agatha | Hebr 12: 4-7. 11-15/ Ps 103: 1-2. 13-14. 17-18a/ Mk 6: 1-6 |
| 06 Thu | Sts. Paul Miki & Companions | Hebr 12: 18-19. 21-24/ Ps 48: 2-3ab. 3cd-4. 9. 10-11/ Mk 6: 7-13 |
| 07 Fri | St. Gonsalo Garcia | Hebr 13: 1-8/ Ps 27: 1. 3. 5. 8b-9abc/ Mk 6: 14-29 |
| 08 Sat | St. Jerome Emiliani | Hebr 13: 15-17. 20-21/ Ps 23: 1-3a. 3b-4. 5. 6/ Mk 6: 30-34 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.